(ബി) അങ്ങോട്ടേക്ക് ആവശ്യമായ റോഡും വെള്ളവും എത്തിക്കുവാനുള്ള ഉത്തരവാദിത്വം ആർക്കാണ്;

(സി) അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) അവ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏഴിമല നാവിക അക്കാദമി 2004 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) നാവിക അക്കാദമിക്ക് ആവശ്യമായ റോഡും വെള്ളവും എത്തിക്കുവാനുള്ള ഉത്തരവാദിത്വം സംസ്ഥാന സർക്കാരിനാണ്.

(സി & ഡി) വിവരം ശേഖരിച്ച് വരുന്നു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണങ്ങൾ എം. എൽ. എ.-മാർക്ക് ലഭ്യമാക്കാൻ നടപടി

120 [121] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പി. ആർ. ഡി. എത്ര പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രസിദ്ധീകരണങ്ങൾ ഏതൊക്കെയാണ്;

(സി) ഇവയിൽ ഏതെല്ലാം എം. എൽ. എ.-മാർക്ക് ലഭ്യമാക്കിയിട്ടുണ്ട്;

(ഡി) ഇവയിൽ പലതും എം. എൽ. എ.-മാർക്ക് യഥാസമയം ലഭിക്കുന്നില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇവ എം. എൽ. എ.-മാർക്ക് യഥാസമയം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മലയാളത്തിൽ 83-ഉം ഇംഗ്ലീഷിൽ 10-ഉം അടക്കം 93 പ്രസിദ്ധീകരണങ്ങൾ പി. ആർ. ഡി. പുറത്തിറക്കിയിട്ടുണ്ട്.

2/401/2012—23

LIBRARY ARCHIVES Kerala Legislative Assembly

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) എല്ലാ പ്രസിദ്ധീകരണങ്ങളും എം. എൽ. എ.-മാർക്ക് ലഭ്യമാക്കിയിട്ടുണ്ട്. (പോസ്റ്ററുകൾ ഒഴികെ)

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) പി. ആർ. ഡി.-യുടെ എല്ലാ പ്രസിദ്ധീകരണങ്ങളും എം. എൽ. എ.-മാർക്ക് ലഭ്യമാക്കുന്നുണ്ട്.

## ജനകീയാസൂത്രണ പദ്ധതിക്ക് വിദേശ ഫണ്ട്

121 [122] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്കരിച്ച ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി കേരളത്തിലെ ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനായി വിദേശ ഫണ്ട് സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് വിദേശ ഏജൻസിയിൽനിന്ന് എത്ര തുക ഏത് തദ്ദേശ സ്വയംഭരണ സ്ഥാപനം സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

## ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ ചെലവായ പദ്ധതി വിഹിതം

122 [123] ശ്രീ. ഷിബു ബേബിജോൺ:

,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പു സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം തുക ത്രിതല പഞ്ചായത്ത് സംവിധാനത്തിലൂടെ ചെലവാക്കിയെന്ന് വ്യക്തമാക്കാമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly